"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: E9-37883/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 13-11-2013.

# സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരണം- പ്രൊപ്പോസൽ ലഭ്യമാക്കുന്നത് - സംബന്ധിച്ച്-

സൂചന: 1. OA.No.2368/2013 dt.22.10.2013 of KAT.
2. G.O(P)No.54/2010/SWD dt.10.8.2010 ഭേദഗതി ഉത്തരവ് നം.G.O(P)No.78/2012/SJD dt.27.12.12.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരുടെ പ്രസ്തുത തസ്തികയിലെ നിരീക്ഷണ കാലം പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സേവന പുസ്തകവും നിശ്ചിത പ്രൊഫോർമ പൂർപ്പിച്ചതും അടിയന്തിരമായി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരാൻ നിർദ്ദേശിക്കുന്നു.

ടി തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ അവരുടെ ടി തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് അക്കൗണ്ടന്റ് ടെസ്റ്റ് (ലോവർ) നിർബന്ധമായും പാസ്സായിരിക്കണമെന്ന വിവരം സൂചന രണ്ട് പ്രകാരമുള്ള സാമൂഹ്യനീതി വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം അനുശാസിക്കുന്നു. ആയതിനാൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ)/ ഹയർ ഇവയിൽ ഏതെങ്കിലും ഒന്ന് പാസ്സായതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പും, ജോലി, സ്വഭാവം എന്നിവ തൃപ്തികരമാണെന്നുള്ള സർട്ടിഫിക്കറ്റ് സഹിതം പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

1360476

GOVERNMENT OF KERALA